25884
5/12/17

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ് - ചന്ദനലേലം - മെസ്സേഴ്സ് പൂംപുഹാർ, തമിഴ്നാട് സ്റ്റേറ്റ് ഹാൻഡിക്രാഫ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലേലംകൊണ്ട ലോട്ടുകൾ ഇ-ലേല വ്യവസ്ഥയിൽ ഇളവ് അനുവദിച്ച് കൊണ്ട് ബാക്കി തുകയും, നികുതികളും അടയ്ക്കാൻ സമയ പരിധി നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (ബി) വകുപ്പ്**

സ.ഉ.(സാധാ)നം.431/2017/വനം തീയതി, തിരുവനന്തപുരം, 16.11.2017

---

പരാമർശം :- പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്)ന്റെ 30.09.2017-ലെ പ്രൊ(4)46493/17 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മെസ്സേഴ്സ് പൂംപുഹാർ, തമിഴ്നാട് സ്റ്റേറ്റ് ഹാൻഡിക്രാഫ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്ന തമിഴ്നാട് സർക്കാർ സ്ഥാപനം 12.07.2017-ാം തീയതി മറയൂർ സാൻഡൽ ഡിവിഷനിൽ നടന്ന 5953/17-18 നമ്പർ ചന്ദന ഇ-ലേലത്തിൽ പങ്കെടുക്കുകയും, 8 ലോട്ടുകൾ ലേലം കൊള്ളുകയും ആയതിൽ 173/16, 68/17 എന്നീ സ്ഥിരീകരണം ലഭിച്ച ലോട്ടുകളുടെ ബാലൻസ് തുക ലേലസ്ഥിരീകരണം ലഭിച്ച തീയതി മുതൽ 7 ദിവസത്തിനകം അടയ്ക്കുന്നതിൽ ടി സ്ഥാപനം വീഴ്ചവരുത്തുകയുണ്ടായി. ഇ-ലേല വ്യവസ്ഥ 14(b) പ്രകാരം ഇ-ലേലത്തിൽ വീഴ്ചവരുത്തിയാൽ ലേലം ക്യാൻസൽ ചെയ്ത നിരതദ്രവ്യം ഉൾപ്പെടെ അടച്ച തുകകൾ സർക്കാരിലേക്ക് കണ്ട് കെട്ടി ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം ചെയ്യേണ്ടതാണ്. എന്നാൽ മെസ്സേഴ്സ് പൂംപുഹാർ, തമിഴ്നാട് സ്റ്റേറ്റ് ഹാൻഡിക്രാഫ്റ്റ് എന്ന സ്ഥാപനം ഒരു സർക്കാർ സ്ഥാപനമെന്ന നിലയ്ക്കും, മറയൂർ ചന്ദനലേലത്തിൽ സ്ഥിരമായി പങ്കെടുക്കുന്ന സ്ഥാപനമായതുകൊണ്ടും, ലഭിച്ച തുക ഏറ്റവും ഉയർന്ന നിരക്കുകളിൽ ആയിരിക്കുന്നതുകൊണ്ടും, തുക യഥാസമയം ഒടുക്കാതിരുന്ന ലോട്ടുകൾ ടി സ്ഥാപനത്തിന് നൽകുന്നത് ഇ-ലേല വ്യവസ്ഥകളിലെ 14(a)(i), (ii), 14(b) എന്നിവയിൽ ഇളവ് അനുവദിച്ച് കൊണ്ട് ബാക്കി തുകയും നികുതികളും അടയ്ക്കാൻ അനുമതി നൽകാവുന്നതാണെന്നും അതിനായി ഉത്തരവ് തീയതി മുതൽ 30 ദിവസം സമയപരിധി നിശ്ചയിച്ച് നൽകാവുന്നതാണെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ((ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) ന്റെ ശുപാർശ പരിഗണിച്ച്, മെസ്സേഴ്സ് പൂംപുഹാർ, തമിഴ്നാട് സ്റ്റേറ്റ് ഹാന്റിക്രാഫ്റ്റ് ഡെവലപ്മെന്റ്

കോർപ്പറേഷൻ എന്ന സ്ഥാപനം ലേലം കൊണ്ട ലോട്ടുകളായ 173/16, 68/17 എന്നിവ വിട്ടു നൽകുന്നതിന് ഇ-ലേല വ്യവസ്ഥയിലെ 14(a)(i), (ii), 14(b) വ്യവസ്ഥകളിൽ ഇളവ് അനുവദിച്ച് കൊണ്ട് ബാക്കി തുകയും നികുതികളും അടയ്ക്കുന്നതിന് ഉത്തരവ് തീയതി മുതൽ 30 ദിവസത്തെ സമയപരിധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

**ഗിരിജ കുമാരി.ജി**

**ഡെപ്യൂട്ടി സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്), ഫോറസ്റ്റ് ഹെഡ്ക്വോർട്ടേഴ്സ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരള, തിരുവനന്തപുരം

വെബ് ആന്റ് ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

V.Beena

സെക്ഷൻ ഓഫീസർ